"ഭരണ ഭാഷ – മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2022-23 - 2020-21 സാമ്പത്തിക വർഷം പൊരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച വികസന ഫണ്ടിൽ നിന്നും ഇ.എം.എസ്. ഭവനവായ്പ മുതൽ തിരിച്ചടവിനായി ഈടാക്കിയ കുടിശ്ശിക തുക - നേരിട്ട് അടവാക്കിയതിനാൽ ഈടാക്കിയ തുക തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം. 7733/2022/ധന. തീയതി, തിരുവനന്തപുരം, നവംബർ 16, 2022

പരാമർശം.
1) സ.ഉ. (സാധാ)നം.43/2020/ധന തീയതി 03/03/2021
2) ഗ്രാമവികസന കമ്മീഷണറുടെ 17/03/2021-ലെ 11749/H&T1/2020/CRD നമ്പർ കത്ത്
3) കേരള ബാങ്ക് ജനറൽ മാനേജറുടെ 13/10/2022 ലെ KSCB/CCM&R/4687/2022-23 നമ്പർ കത്ത്

**ഉത്തരവ്**

ഇ.എം.എസ് ഭവന പദ്ധതിക്കായി പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് വായ്പയായി എടുത്ത മുഴുവൻ തുകയും ബാങ്കിൽ തിരിച്ചടച്ചിട്ടുള്ളതാണെന്നും, പരാമർശം (1) പ്രകാരം 2020-21 ലെ മൂന്നാം ഗഡു വികസന ഫണ്ട് അനുവദിച്ചതിൽ നിന്നും 27,32,060/- രൂപ കുറവ് ചെയ്താണ് ലഭിച്ചതെന്നും ടി ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക തിരികെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച മൂന്നാം ഗഡു വികസന ഫണ്ടിൽ നിന്നും ഇ.എം.എസ് ഭവനവായ്പ മുതൽ തിരിച്ചടവിൽ അധികമായി ഈടാക്കിയ തുകയായ 27,32,060/- രൂപ (ഇരുപത്തി ഏഴ് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി അറുപത് രൂപ മാത്രം) പരാമർശം (3) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന് 2022-23 സാമ്പത്തിക വർഷത്തെ "3604-00-200-81-04-35" എന്ന ശീർഷകത്തിൽ നിന്നും തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്**

സ്വീകർത്താക്കൾ :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് - II/ എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് - III), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് ജനറൽ മാനേജർ, കേരള ബാങ്ക്, ഹെഡ് ഓഫീസ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം/ഡി.ബി) വകുപ്പ് (DB4/55/2021-LSGD അ.ഫയൽ)
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ള്യൂ-ജെ/ ബജറ്റ് -ജെ/ ഡെവലപ്. വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-2151599)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ